(ഡി) റേഷൻ കാർഡിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ഇ) ഇതിൽ എത്ര അപേക്ഷകളിൽ തീർപ്പുണ്ടായിട്ടുണ്ട് എന്നറിയിക്കുമോ;

(എഫ്) റേഷൻ കാർഡ് വിതരണം സംബന്ധിച്ച് ജനങ്ങൾക്കുണ്ടായിട്ടുള്ള പരാതികൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) പാലക്കാട് ജില്ലയിൽ പുതിയ റേഷൻ കാർഡ് വിതരണം ഇതിനകം പൂർത്തിയായിട്ടുണ്ട്.

(സി) 56,199 റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

(ഡി&ഇ) ഇതുസംബന്ധിച്ച് 24,032 അപേക്ഷകൾ ലഭിച്ചതിൽ 20,094 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

(എഫ്) പുതിയ റേഷൻ കാർഡിനായുള്ള അപേക്ഷ സ്വീകരിക്കുന്നതിനും നിലവിലുള്ള റേഷൻകാർഡ് വിഭജിക്കുന്നതിനും റേഷൻകാർഡിലെ തെറ്റുകൾ തിരുത്തുന്നതിനും കാർഡ് ഉടമകളുടെ ഫോട്ടോ എടുക്കുന്നതിനും പാലക്കാട് ജില്ലയിലെ പഞ്ചായത്ത് കേന്ദ്രങ്ങളിൽ ക്യാമ്പ് നടത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി എത്തുന്ന പൊതുജനങ്ങളിൽ നിന്നും എല്ലാ ദിവസവും താലൂക്ക് സപ്ലൈ ആഫീസുകളിൽ അപേക്ഷകൾ സ്വീകരിക്കുകയും ഫോട്ടോ എടുക്കുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ അക്ഷയ കേന്ദ്രങ്ങൾ മുഖേന വ്യക്തികൾക്കും ഓൺലൈനായും അപേക്ഷകൾ നല്കാവുന്നതാണ്.

പുതിയ മാവേലി സ്റ്റോറുകൾ

111(1368) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഭക്ഷ്യ സബ്സിഡിക്കായി ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കുമോ :

(ബി) ഇതിന്റെ വർഷാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) 2001-2006 വർഷത്തിൽ ഭക്ഷ്യസബ്സിഡിക്കായി ചെലവഴിച്ച തുക എത്രയായിരുന്നു എന്ന് അറിയിക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മാവേലി സ്റ്റോറുകളാണ് പുതുതായി അനുവദിച്ചിട്ടുള്ളത് ;

(ഇ) എവിടെയെല്ലാമാണ് ഇവ അനുവദിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇവയിൽ എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന 18-5-2006-ന് ശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് ലഭിച്ച സബ്സിഡി 331.62 കോടി രൂപ.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന 18-5-2006-നു ശേഷം സിവിൽ സപ്ലൈസ് കോർപ്പറേറ്റ് ലഭിച്ച സബ്സിഡി (Under MIO Head)

വർഷം	സബ്സിഡി തുക (കോടി) മാർക്കറ്റ് ഇന്റർവെൻഷൻ	അരിക്കട തുക (കോടി)	ഓണക്കിറ്റ് തുക (കോടി)	ആകെ (കോടി)
മെയ്/2006-07	23.62	*	6.38	30.00
2007-08	42.92	7.08		50.00
2008-09	69.32	25.68	(#)10.00	105.00
2009-10	47.00	24.00	12.00	83.00
2010-11 (Up to 12/2010)	49.31	10.00	14.31	73.62

* പദ്ധതി നിലവിലില്ലായിരുന്നു.

(#) ഓണക്കിറ്റ് വിതരണം നടത്തിയതിന് കോർപ്പറേഷന് 12 കോടി രൂപ ചെലവായിട്ടുണ്ട്.

(സി) 2001-2006 കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന് ലഭിച്ച സബ്സിഡി (Under MIO Head)

വർഷം	തുക(കോടി)
2001-02	33.00
2002-03	50.00
2003-04	30.00
2004-05	30.00
2005-06	10.00
4/2006	10.00

(ഡി) 137 മാവേലി സ്റ്റോറുകൾ അനുവദിച്ചു.

(ഇ) മാവേലി സ്റ്റോറുകൾ അനുവദിച്ച സ്ഥലങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(എഫ്) 122 മാവേലി സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly